(15) മലയോരകൃഷിക്കാർക്കു പട്ടയം

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, കേരളത്തിലെ മലയോര പ്രദേശങ്ങളായ തൃശ്ശൂർ, കോട്ടയം, ഇടുക്കി, പത്തനംതിട്ട, പാലക്കാട് കോഴിക്കോട്, വയനാട് തുടങ്ങിയ ജില്ലകളിലായി കുടിയേറി കൃഷി ചെയ്തു ജീവിക്കുന്ന ഒരു ലക്ഷത്തിൽപ്പരം മലയോര കർഷകർക്ക് പട്ടയം നൽകണമെന്ന് ഈ സഭയിൽ ഞാൻ പല പ്രാവശ്യവും ശ്രദ്ധക്ഷണിക്കലും, സബ്മിഷൻ വഴിയും ഗവൺമെൻറിന്റെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതാണ്. ഇതിന്റെയെല്ലാം ഫലമായി 1977—നുമുമ്പ് കുടിയേറിപ്പാർത്തിട്ടുള്ളവർക്ക് പട്ടയം ഉടനടി നൽകുന്നതാണെന്ന് 1984—ൽ ഗവൺമെൻറ് പ്രഖ്യാപിച്ചു. മലയോരങ്ങളിലെ കൈവശക്കാരായ കൃഷിക്കാരുടെ വനഭൂമിയുടെ വിസ്തീർണ്ണവും ലിസ്റ്റും കേന്ദ്രഗവൺമെൻറിന്റെ അനുമതിക്കായി സമർപ്പിച്ചിട്ട് ഒരു വർഷത്തിലേറെയായി. മലയോര പ്രദേശങ്ങളിലെ പാവപ്പെട്ട മണ്ണിന്റെ മക്കളായ കൃഷിക്കാർ സാമ്പത്തികമായി അധഃപതിച്ചു. സാമൂഹ്യമായി അവർ നശിച്ചുകൊണ്ടിരിക്കുന്നു. കേന്ദ്രഗവൺമെൻറിൽ സമർപ്പിച്ചിട്ടുള്ള പട്ടയം നൽകുന്നതിനുള്ള ലിസ്റ്റ് അംഗീകരിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും വനംവകുപ്പു മന്ത്രിയും ഡൽഹിയിൽപ്പോയി പ്രധാനമന്ത്രി രാജീവ്ഗാന്ധിയെക്കണ്ട് കേരളത്തിന്റെ പ്രത്യേകതകളിൽ ഒന്നായ മലയോര കർഷകർക്ക് പട്ടയം ഉടനടി നൽകാനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇതിനു വേണ്ടി 26—6—1986—ൽ റവന്യൂവകുപ്പും വനംവകുപ്പും കൂടി നടത്തിയ സംയുക്ത വെരിഫിക്കേഷന്റെ റിപ്പോർട്ട് കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. പട്ടയം ആവശ്യപ്പെട്ട ഭൂമിയിൽ കൃഷിയിറക്കിയ ഭൂമി അതിലൊരു ഭാഗം മാത്രമാണ്. Colonisation schemes, Grow more food scheme, Arable Land Schemes, Hydle Project ഇവയ്ക്കുവേണ്ടി ആളുകളെ കുടിയിരുത്തിയത് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കുവേണ്ടി കൊടുത്തിട്ടുള്ള സ്ഥലങ്ങളുണ്ട്: അതുപോലെ ഉടുമ്പഞ്ചോല താലൂക്കിൽ Cordamom reserve എന്നുള്ള പേരു മാത്രമേയുള്ളൂ. അവിടെ കോളേജും സ്കൂളുമെല്ലാം ആയി, വർഷങ്ങളായിട്ട് അവിടെ ആളുകൾ താമസിക്കുന്ന റവന്യൂ ലാൻറിൽ തന്നെയാണ്. എന്നാൽ റിസർവ്വ് എന്നുള്ള പേരുള്ളതുകൊണ്ട് അത് വനഭൂമിയുടെ ഡഫനിഷനിൽ വന്നിരിക്കുകയാണ്. ഈ സ്ഥലത്തെ സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം കാണിച്ചുകൊണ്ട് അതിന്റെ മാപ്പും പെർഫോർമയുമെല്ലാം കേന്ദ്രഗവൺമെൻറിൽ സമർപ്പിച്ചിരിക്കുകയാണ്. ഈ ഭൂമിക്ക് പട്ടയം കൊടുക്കണമെങ്കിൽ റവന്യൂ വകുപ്പിലേയ്ക്ക് ഈ ഭൂമി വിട്ടുകിട്ടേണ്ടിയിരിക്കുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റും കേന്ദ്രഗവൺമെൻറിനോട് കത്തുമുഖേനയും നേരിട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. അതിപ്പോൾ കേന്ദ്രഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(16) തലായി കടൽപ്പുറത്തെ സംഘർഷാവസ്ഥ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിലെ തലായി കടൽപ്പുറത്ത് ഒരു സംഘർഷാവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. തലായി കടൽപ്പുറത്ത് വർഷങ്ങളായി മത്സ്യത്തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

തോണി അടുപ്പിക്കുന്ന സ്ഥലം ഒരു സ്വകാര്യ വ്യക്തി വിലയ്ക്കുവാങ്ങി മതിൽകെട്ടാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. അവിടെ മതിൽകെട്ടിയാൽ മൽസ്യത്തൊഴിലാളികൾക്ക് തോണി അടുപ്പിക്കുവാൻ സ്ഥലമില്ലാതാകും. ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുവാൻ നിർദ്ദേശമുള്ള സ്ഥലമാണത്. ആർ. ഡി.ഒ. ഇപ്പോൾ മതിൽകെട്ടുന്നതിനെ തടഞ്ഞിട്ടുണ്ടെങ്കിലും, ഇതിനെ ഒരു വർഗ്ഗീയസംഘർഷമാക്കി മാറ്റാൻ ചില ആളുകൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് തോണി അടുപ്പിക്കുന്നതിനുവേണ്ടി ഈ സ്ഥലം ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, തലായി കടൽപ്പുറത്ത് കഞ്ഞിക്കടപ്പുറം എന്നു അറിയപ്പെടുന്ന സ്ഥലത്ത് സാധാരണയായി മൽസ്യത്തൊഴിലാളികൾ തോണി കയറ്റിവയ്ക്കുന്ന പതിവുണ്ടായിരുന്നു. ഇതൊരു സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്. അവിടെ പുരവയ്ക്കുന്നതിനുവേണ്ടി അദ്ദേഹം വസ്തുവിന് മതിൽകെട്ടുന്ന പരിപാടി ആരംഭിച്ചു. മൽസ്യത്തൊഴിലാളികൾ ഇതിനെ എതിർത്തു. അവർ സബ്കളക്ടർക്ക് പരാതി കൊടുത്തു. കണ്ണൂർ ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ഇതിനകംതന്നെ ആ സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തുകയുണ്ടായി. തർക്കമുള്ള കടൽപ്പുറത്തുനിന്നും അധിക ദൂരമല്ലാത്ത സ്ഥലത്ത് ചാരിൽ ഗോപാലപ്പെട്ട എന്ന സ്ഥലത്ത് ഒരു ഫിഷ്ലാൻറിംഗ് സെൻറർ സ്ഥാപിക്കുവാൻ ഫിഷറീസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ പണി പൂർത്തിയാകുന്നതുവരെ തർക്കമുള്ള സ്ഥലത്ത് ഭിത്തികെട്ടുന്നതിനെ തടയണമെന്ന് ഡപ്യൂട്ടി ഡയറക്ടർ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൽസ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികൾ എടുത്തുവരികയാണ്.

(17) മുണ്ടക്കയം പ്രൈമറി ഹെൽത്ത് സെൻററിന്റെ ശോചനീയാവസ്ഥ

ശ്രീ. തോമസ് കല്ലമ്പള്ളി: സർ, വിസ്തൃതിയിൽ കേരളത്തിലെ മിക്ക പഞ്ചായത്തുകളെക്കാളും വലുതാണ് മുണ്ടക്കയം പഞ്ചായത്ത്. അവിടത്തെ ഏക ചികിൽസാ കേന്ദ്രമായ പ്രൈമറി ഹെൽത്ത് സെൻററിന്റെ ശോചനീയാവസ്ഥ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

കൂട്ടിക്കൽ, കൊക്കയാർ, പെരുവന്താനം പഞ്ചായത്തുകളിലെ രോഗികളും ആശ്രയിക്കുന്ന ഒരു ആശുപത്രികൂടിയാണിത്. ആ ആശുപത്രിയിൽ ഒടിയാത്ത കട്ടിലുകളുടെ എണ്ണം കുറവാണ്. അതുപോലെ ശുദ്ധജലവിതരണത്തിന് യാതൊരു സൗകര്യവുമില്ല. കക്കൂസിന്റെ ടാങ്ക് പൊട്ടി അതിൽനിന്നും വരുന്ന ദുർഗന്ധം കാരണം മുണ്ടക്കയം ടൗണിൽ കൂടിപോലും നടക്കാൻ വയ്യാത്ത സ്ഥിതിയായിട്ടുണ്ട്. ഇതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കക്കൂസുകളുടെ കേടുപാടുകൾ തീർക്കുവാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഡോക്ടർമാരെ അവിടെ നിയമിച്ചിട്ടുണ്ട്. പുതുതായി വാട്ടർസപ്ലൈ തുടങ്ങുവാനുള്ള പണം ഇക്കൊല്ലം ബഡ്ജറ്റിലില്ലാത്തതുകൊണ്ട് അടുത്ത കൊല്ലം ആവശ്യമായ പണം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ചെയ്യുവാനുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly